ഭരണഭാഷ മാതൃഭാഷ

നം. എൻ.എം.എ3/40000/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 22/05/2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - ഉച്ച ഭക്ഷണ പദ്ധതി - സ്കൂളുകളിലെ ബാലൻസിന്റെ കരട് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാന സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ സ്കൂളുകളുടേയും 2018 മാർച്ച് മാസത്തെ കണ്ടിജന്റ് ചാർജ് പിൻവലിച്ച ശേഷമുള്ള ബാങ്ക് ബാലൻസിന്റെ കരട് ഇതൊടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത ഷീറ്റിലെ മുഴുവൻ വിവരങ്ങളും (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി കോഡ്, ഫീഡിംഗ് സ്ട്രെങ്ത്, 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയുള്ള കണ്ടിജന്റ് ചാർജ്, കുക്ക് സാലറി) എന്നിവ വിശദമായി പരിശോധിക്കേണ്ടതും അതോടൊപ്പം തന്നെ ബാങ്ക് പാസ്സ് ബുക്ക് / ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതും, മുഴുവൻ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടേണ്ടതുമാണ്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വിശദവിവരങ്ങൾ കാണിച്ചുകൊണ്ട് ഇ-മെയിൽ അയയ്ക്കേണ്ടതാണ്. തിരുത്തലുകൾ ധാരാളം ഉണ്ടെങ്കിൽ പ്രത്യേകം ഒരു എക്സൽ ഷീറ്റ് ആയി പ്രസ്തുത വിവരങ്ങൾ അയയ്ക്കേണ്ടതാണ്. ഇവിടെ നിന്നും പ്രസിദ്ധീകരിച്ച ഡേറ്റയിൽ യാതൊരു വിധ തിരുത്തലുകളും വരുത്തുവാൻ പാടുള്ളതല്ല. ഇതു കൂടാതെ ഇതൊടൊപ്പമുള്ള പ്രഫോർമ കൂടി എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പൂരിപ്പിച്ച് അയയ്ക്കേണ്ടതാണ്. തിരുത്തലുകൾ അറിയിക്കേണ്ടതിന്റേയും പ്രോഫോർമ പൂരിപ്പിച്ച് അയക്കേണ്ടതിന്റെയും അവസാന തീയതി 28/05/2018 രാവിലെ 11 മണി ആണ്. തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭിക്കാത്ത പക്ഷം പ്രസിദ്ധീകരിച്ച വിവരങ്ങൾ അന്തിമമായി കണക്കാക്കുന്നതാണ്. 2018-19 വർഷത്തേക്കുള്ള ഫണ്ട് വിതരണം ഈ ബാലൻസിനെ അടിസ്ഥാനമാക്കിയാണ് എന്നുള്ളതിനാൽ ഈ വിഷയത്തെ വളരെ പ്രാധാന്യത്തോടെ കാണേണ്ടതെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/-
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

Scanned by CamScanner